**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **08-10-2021 - ൽ മറുപടിയ്ക്ക്**

**കേരള യൂണിവേഴ്സിറ്റിയിലെ മാർക്ക് തിരിമറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള യൂണിവേഴ്സിറ്റിയിൽ തോറ്റ കുട്ടികളെ ജയിപ്പിക്കാൻ അനധികൃതമായി മാർക്ക് നൽകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ അന്വേഷണങ്ങളുടെ വിശദവിവരം നൽകാമോ; | (ബി) | ഉണ്ട്. പ്രാഥമിക പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ സെക്ഷൻ ഓഫീസറിനെ സസ്പെൻഡ് ചെയ്യു കയും, തുടർന്നുള്ള അന്വേഷണത്തിൽ കുറ്റം സ്ഥിരീകരിക്കുകയും ടിയാനെ സർവീസിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മുൻ കണ്ടെത്തലുകളിൽ ഉപരി തിരുത്തലുകൾ നടത്തിയിട്ടുണ്ടോ എന്നും പരിശോധിച്ചു വരുന്നു. ഉദ്യോഗസ്ഥനെതിരെ സർവകലാ ശാല നൽകിയ പരാതിയിൻമേൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു. |
| (സി) | ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ് പരീക്ഷയിലെ മാർക്ക് തിരിമറിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ; | (സി) | ഉണ്ട്. പ്രാഥമിക പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ സെക്ഷൻ ഓഫീസറിനെ സസ്പെൻഡ് ചെയ്യു കയും, തുടർന്നുള്ള അന്വേഷണത്തിൽ കുറ്റം സ്ഥിരീകരിക്കുകയും ടിയാനെ സർവീസിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മുൻ കണ്ടെത്തലുകളിൽ ഉപരി തിരുത്തലുകൾ നടത്തിയിട്ടുണ്ടോ എന്നും പരിശോധിച്ചു വരുന്നു. ഉദ്യോഗസ്ഥനെതിരെ സർവകലാ ശാല നൽകിയ പരാതിയിൻമേൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു. |
| (ഡി) | മാർക്ക് തിരുത്തുന്ന സംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റിയിലെ | (ഡി) | പരീക്ഷ സംവിധാനത്തിന്റെ പൂർണ്ണമായ നവീകരണത്തിനു വേണ്ടി 'Student Life Cycle Management System' എന്ന ഒരു സോഫ്റ്റ്വെയർ |

| | | | |
|---|---|---|---|
| | സോഫ്റ്റ്‌വെയർ സംവിധാനത്തിന്റെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | വികസിപ്പിക്കുന്നതിനായിട്ടുള്ള നടപടി ക്രമങ്ങൾ ചെയ്തിട്ടുണ്ട്. 2020 അദ്ധ്യയന വർഷം മുതൽ ഉള്ള വിദ്യാർത്ഥികളുടെ പരീക്ഷാഫല പ്രഖ്യാപനത്തിനായിട്ടുള്ള എല്ലാ കാര്യങ്ങളും ഈ നവീകരിച്ച സംവിധാനത്തിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി ക്രമങ്ങൾ നടന്നുവരികയാണ്. വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റിയിലെ സോഫ്റ്റ്.വെയറിൽ സുരക്ഷാ സംവിധാനം ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ